**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1658** **28-07-2021 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോ സൂപ്പർ മാർക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | വിൽപ്പന സാധ്യതയുള്ള പ്രദേശങ്ങളിൽ വാടക ഇളവോടു കൂടിയോ ന്യായമായ വാടക നിരക്കിലോ അനുയോജ്യമായ കെട്ടിട സൗകര്യം ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ സാധ്യതാ പഠനം നടത്തി ലാഭ നഷ്ട സാധ്യതകളും ജീവനക്കാരുടെ ലഭ്യതയും വിലയിരുത്തിയാണ് പുതിയ സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നത്. അതോടൊപ്പം നിലവിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകൾ നിലവിലെ പ്രതിമാസ വിൽപ്പനയുടെ അടിസ്ഥാനത്തിൽ (കുറഞ്ഞത് 10 ലക്ഷം) സ്ഥല ലഭ്യതയനുസരിച്ച് (കുറഞ്ഞത് 1500 ച.അടി) വിപണന സാധ്യത ലഭ്യമാകുമോ എന്നതു കൂടി പരിശോധിച്ച് വിൽപ്പനശാലകൾ സൂപ്പർ മാർക്കറ്റായി ഉയർത്തുന്നതിന് പരിഗണിച്ചു വരുന്നുണ്ട്. |
| (ബി) | പുതിയ സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ തുടങ്ങുന്നതിന് നിലവിലെ സർക്കാർ എന്തെങ്കിലും കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | വിൽപ്പന സാധ്യതയുള്ള പ്രദേശങ്ങളിൽ വാടക ഇളവോടു കൂടിയോ ന്യായമായ വാടക നിരക്കിലോ അനുയോജ്യമായ കെട്ടിട സൗകര്യം ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ സാധ്യതാ പഠനം നടത്തി ലാഭ നഷ്ട സാധ്യതകളും ജീവനക്കാരുടെ ലഭ്യതയും വിലയിരുത്തിയാണ് പുതിയ സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നത്. അതോടൊപ്പം നിലവിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകൾ നിലവിലെ പ്രതിമാസ വിൽപ്പനയുടെ അടിസ്ഥാനത്തിൽ (കുറഞ്ഞത് 10 ലക്ഷം) സ്ഥല ലഭ്യതയനുസരിച്ച് (കുറഞ്ഞത് 1500 ച.അടി) വിപണന സാധ്യത ലഭ്യമാകുമോ എന്നതു കൂടി പരിശോധിച്ച് വിൽപ്പനശാലകൾ സൂപ്പർ മാർക്കറ്റായി ഉയർത്തുന്നതിന് പരിഗണിച്ചു വരുന്നുണ്ട്. |
| (സി) | മണലൂർ മണ്ഡലത്തിൽ പുതിയ ഒരു സപ്ലൈകോ സൂപ്പർ മാർക്കറ്റ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | മണലൂർ നിയോജക മണ്ഡലത്തിൽ നിലവിൽ അരിമ്പൂർ, കാഞ്ഞാണി എന്നീ രണ്ടു മാവേലി സ്റ്റോറുകൾ ഉണ്ട്. ഇതിൽ അനുയോജ്യമായ കെട്ടിട സൗകര്യം ന്യായമായ വാടക നിരക്കിൽ ലഭ്യമാകുന്ന |

| | | | |
|---|---|---|---|
| | | | മുറയ്ക്ക് അരിമ്പൂർ മാവേലി സ്റ്റോർ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നവീകരിച്ച് സൂപ്പർ മാർക്കറ്റായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ